(12) കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും വേണ്ടിയുള്ള പഠനങ്ങളും സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്നു.

(13) ഡെങ്കിപ്പനിയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ സ്ഥലത്തും ഊർജ്ജിതമായി കൊതുകിന്റെ പ്രജനന ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു.

(14) എലിപ്പനിക്കെതിരെ ബോധവൽക്കരണവും പരിസര ശുചീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ, എല്ലാ ആശുപത്രികളിലും ഫലപ്രദമായ ചികിത്സാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## സേവനപ്രദാന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യ കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ

163 [142] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനപ്രദാന പദ്ധതി ആരോഗ്യമേഖലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളിൽനിന്നുള്ള സേവനത്തിന് പ്രത്യേക ചാർജ്ജ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് ആരോഗ്യ-കുടുംബക്ഷേമ സ്ഥാപനങ്ങളുടെ വികസനം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) ആരോഗ്യമേഖലയിൽ സേവനപ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി 4 ജില്ലാ ആശുപത്രികൾ, 16 താലൂക്ക് ആശുപത്രികൾ, 18 കമ്മ്യൂണിറ്റി ഹെൽത്ത്

GPM. 2/564/2012—25

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകൾ, 100 പി.എച്ച്.സി.കൾ ഉൾപ്പെടെ 138 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2005-2006-ലെ ബഡ്ജറ്റിൽ 2003 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ട 138 സ്ഥാപനങ്ങളുടെയും വികസനത്തിനായി തയ്യാറാക്കിയ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾക്ക് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതികൾ ഇപ്പോൾ നിർവ്വഹണഘട്ടത്തിലാണ്.

(ഡി) ഇല്ല.

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റ് സ്ഥാപനങ്ങളുടെ വികസനത്തിനു വേണ്ടി 10 കോടിയോളം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജനനി സുരക്ഷാ യോജന

164 [143] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി സുരക്ഷാ യോജന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്തിന് എത്ര തുക കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസവമുറികളില്ലാത്ത ഗ്രാമീണ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആധുനിക സജ്ജീകരണങ്ങളുള്ള പ്രസവമുറികൾ സ്ഥാപിക്കുവാനും അത്തരം സുസജ്ജമായ ആശുപത്രികളിൽ രണ്ട് ഗൈനക്കോളജിസ്റ്റുകളെ എങ്കിലും നിയമിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഇ) ജനനി സുരക്ഷാ പദ്ധതിയുടെ പ്രയോജനം കേരളത്തിലെ മുഴുവൻ ഗ്രാമങ്ങളിലും ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

*ഉത്തരം*

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ വരുന്ന ഈ പദ്ധതി 31-3-2005 വരെ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്ന നാഷണൽ മെറ്റേണിറ്റി ബനിഫിറ്റ് സ്കീമിന്റെ പരിഷ്കരിച്ച രൂപമാണ്. ഈ പദ്ധതിപ്രകാരം പഞ്ചായത്തുകളിലെ പത്തൊൻപതോ അതിൽ കൂടുതലോ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly